**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 455** **03-11-2021 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധിക വിഭവ സമാഹരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ എം എസ് അരുൺ കുമാർ | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഭരണപരമായ ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിലേയ്ക്കായി സംസ്ഥാന ബജറ്റ് വിഹിതത്തിന് പുറമേ അധിക വരുമാനം കണ്ടെത്തുന്നതിനായി എന്തൊക്കെ മാർഗ്ഗങ്ങൾ സ്വീകരിക്കാൻ വ്യവസ്ഥയുണ്ട്; വിശദമാക്കാമോ; | (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണപരമായ ഉത്തരവാദിത്തങ്ങൾ നിവേറ്റുന്നതിന് സംസ്ഥാന ബഡ്ജറ്റിൽ നിന്നും അനുവദിക്കുന്ന പൊതു ആവശ്യഫണ്ട്, വിടവ് നികത്തൽ ഫണ്ട് എന്നിവയ്ക്ക് പുറമേ കേരള പഞ്ചായത്ത് രാജ് / മുനിസിപ്പാലിറ്റി നിയമങ്ങളിലേയും ചട്ടങ്ങളിലേയും വ്യവസ്ഥകൾ അനുസരിച്ച് നികുതികളും ഫീസുകളും പിഴ തുകകളും ചുമത്താവുന്നതാണ്. വസ്തുനികുതി, തൊഴിൽ നികുതി, വിനോദ നികുതി, വസ്തുനികുതിയിന്മേലുള്ള സർചാർജ്ജ് തുടങ്ങിയ ഇനങ്ങളോടൊപ്പം നഗര സഭകൾക്ക് മൃഗങ്ങളുടെയും യാനപാത്രങ്ങളുടെയും മേലുള്ള നികുതിയും, തടി നികുതിയും ചുമത്താവുന്നതാണ്. വിവിധ സേവനങ്ങൾക്ക് ചട്ടപ്രകാരം സ്വീകരിക്കാവുന്ന ഫീസ് കൂടാതെ ചില സേവനങ്ങൾക്ക് നിബന്ധനകൾക്ക് വിധേയമായി യൂസർ ഫീസും ഈടാക്കാവുന്നതാണ്. നിയമാനുസൃതമായി ചുമത്താവുന്ന നികുതികളും ഫീസുകളും യഥാസമയം യഥാവിധി ചുമത്തപ്പെടുന്നു എന്നുറപ്പാക്കിക്കൊണ്ട് നികുതി/ഫീസ് ചോർച്ച ഒഴിവാക്കുന്നതിനുള്ള നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതുണ്ട്. അതത് കാലത്ത് തന്നെ സമയബന്ധിതമായി നിയമാനുസൃത നടപടികളിൽ കൂടി നികുതി വരവ് ഉറപ്പാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനം സ്വന്തം നിലയിൽ ആർജ്ജിച്ചതോ നിക്ഷിപ്തമായതോ കൈമാറ്റം ചെയ്ത് കിട്ടിയതോ ആയ ആസ്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഉള്ള വരുമാനവും ഭരണപരമായ ആവശ്യങ്ങൾക്കു വേണ്ടി ഉപയോഗിക്കാവുന്നതാണ്. ഷോപ്പിംഗ്കോംപ്ലക്സ്, |

| | | | |
|---|---|---|---|
| | | | ബസ് സ്റ്റാന്റ്, മാർക്കറ്റ്, കംഫർട്ട് സ്റ്റേഷൻ തുടങ്ങി പൊതുജനങ്ങൾക്ക് സൗകര്യം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള സംവിധാനങ്ങളിൽ നിന്നും അതത് തദ്ദേശസ്വയംഭരണ സ്ഥാപനം നിയമാനുസൃതം തയ്യാറാക്കുന്ന ബൈലോ നിബന്ധനകൾക്ക് വിധേയമായി വരുമാനം ആർജ്ജിക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത സ്ഥാപനങ്ങൾക്ക് അധിക വിഭവ സമാഹരണം നടത്തുന്നതിന്റെ ഭാഗമായി വായ്പയെടുക്കുന്നതിന് നിലവിൽ തടസ്സങ്ങളുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ഇല്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധിക വിഭവ സമാഹരണം നടത്തുന്നതിന്റെ ഭാഗമായി നിയമാനുസൃത നടപടികളിലൂടെ വായ്പ എടുക്കുന്നതിന് നിലവിൽ തടസ്സങ്ങൾ ഇല്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വരുമാന ദായക പ്രോജക്ടുകൾ നടപ്പാക്കുന്നതിന് KURDFC- ൽ നിന്നും ദേശ സാൽകൃത സഹകരണ ബാങ്കുകളിൽ നിന്നും സർക്കാർ അനുമതിയോടെ വായ്പകൾ എടുക്കാവുന്നതാണ്. സ.ഉ(എം.എസ്) നം 147/2009 ഉത്തരവിലെ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടാണ് വായ്പ അനുവദിക്കുന്നത്. ആയത് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അതത് പ്രദേശത്തിന്റെ സാധ്യതകൾക്കനുസൃതമായി നികുതിയിതര വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ? | (സി) | അതത് തദ്ദേശ സ്ഥാപനങ്ങൾക്ക് നിലവിലുള്ള ചട്ടങ്ങൾ പ്രകാരം അവരുടെ പ്രാദേശിക സാഹചര്യങ്ങൾക്കനുസൃതമായി നികുതിയേതര വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നികുതി പിരിവ് പുരോഗതിയും മറ്റും ഉറപ്പാക്കുന്നതിന് അതത് സമയങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകൾ മോണിട്ടറിംഗ് നടത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## വിശദീകരണക്കുറിപ്പ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണപരമായ ഉത്തരവാദിത്തങ്ങൾ നിവേറ്റുന്നതിന് സംസ്ഥാന ബഡ്ജറ്റിൽ നിന്നും അനുവദിക്കുന്ന പൊതു ആവശ്യഫണ്ട്, വിടവ് നികത്തൽ ഫണ്ട് എന്നിവയ്ക്ക് പുറമേ കേരള പഞ്ചായത്ത് രാജ് / മുനിസിപ്പാലിറ്റി നിയമങ്ങളിലേയും ചട്ടങ്ങളിലേയും വ്യവസ്ഥകൾ അനുസരിച്ച് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് നികുതികളും ഫീസുകളും പിഴ തുകകളും ചുമത്താവുന്നതാണ്. വസ്തുനികുതി, തൊഴിൽ നികുതി, വിനോദ നികുതി, വസ്തുനികുതിയിന്മേലുള്ള സർചാർജ്ജ് തുടങ്ങിയ ഇനങ്ങളോടൊപ്പം നഗരസഭകൾക്ക് മൃഗങ്ങളുടെയും യാനപാത്രങ്ങളുടെയും മേലുള്ള നികുതിയും, തടി നികുതിയും ചുമത്താവുന്നതാണ്. വിവിധ സേവനങ്ങൾക്ക് ചട്ടപ്രകാരം സ്വീകരിക്കാവുന്ന ഫീസ് കൂടാതെ ചില സേവനങ്ങൾക്ക് നിബന്ധനകൾക്ക് വിധേയമായി യൂസർ ഫീസും ഈടാക്കാവുന്നതാണ്.

നിയമാനുസൃതമായി ചുമത്താവുന്ന നികുതികളും ഫീസുകളും യഥാസമയം യഥാവിധി ചുമത്തപ്പെടുന്നു എന്നുറപ്പാക്കി ക്കൊണ്ട് നികുതി/ഫീസ് ചോർച്ച ഒഴിവാക്കുന്നതിനുള്ള നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതുണ്ട്. പലപ്പോഴും വിവിധ കാരണങ്ങളാൽ യഥാർത്ഥത്തിൽ ഈടാക്കാവുന്ന നികുതി ചുമത്തപ്പെട്ടിട്ടില്ല എന്ന് കണ്ടെത്താറുണ്ട്. അതത് കാലത്ത് തന്നെ സമയബന്ധിതമായി നിയമാനുസൃത നടപടികളിൽ കൂടി നികുതി വരവ് ഉറപ്പാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. ഊർജ്ജിത നികുതി പിരിവ് യജ്ഞം നടത്തി 100% നികുതികളും ഫീസുകളും പിരിച്ച് പ്രശംസനീയമായ പ്രവർത്തനങ്ങൾ നടത്തുന്ന ഏറെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംസ്ഥാനത്തുണ്ട്.

കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനം സ്വന്തം നിലയിൽ ആർജ്ജിച്ചതോ നിക്ഷിപ്തമായതോ കൈമാറ്റം ചെയ്ത് കിട്ടിയതോ ആയ ആസ്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഉള്ള വരുമാനവും ഭരണപരമായ ആവശ്യങ്ങൾക്കു വേണ്ടി ഉപയോഗിക്കാവുന്നതാണ്. എന്നാൽ നിക്ഷിപ്തമായ ആസ്തികൾ ആക്ടിലെ നിബന്ധനകൾക്ക് വിധേയമായി സംരക്ഷിക്കേണ്ടതും നടത്തിക്കൊണ്ടുപോകേണ്ടതുമുണ്ട്. ഷോപ്പിംഗ്കോംപ്ലക്സ്, ടൂറിസം ഫെസിലിറ്റേഷൻ പരിപാടികൾ തുടങ്ങിയ വരുമാന ദായക പ്രോജക്ടുകളിൽ നിന്നും ബസ് സ്റ്റാന്റ്, മാർക്കറ്റ്, കംഫർട്ട് സ്റ്റേഷൻ തുടങ്ങി

പൊതുജനങ്ങൾക്ക് സൗകര്യം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള സംവിധാനങ്ങളിൽ നിന്നും അതത് തദ്ദേശസ്വയംഭരണ സ്ഥാപനം നിയമാനുസൃതം തയ്യാറാക്കുന്ന ബൈലോ നിബന്ധനകൾക്ക് വിധേയമായി വരുമാനം ആർജ്ജിക്കാവുന്നതാണ്. ഏറെ മാതൃകാ ബൈലോകൾ വകുപ്പുകൾ തയ്യാറാക്കി നൽകിയിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധിക വിഭവ സമാഹരണം നടത്തുന്നതിന്റെ ഭാഗമായി നിയമാനുസൃത നടപടികളിലൂടെ വായ്പ എടുക്കുന്നതിന് നിലവിൽ യാതൊരു തടസ്സങ്ങളും ഇല്ല. എന്നാൽ സമയബന്ധിതമായ വായ്പ തിരിച്ചടവ് സാധ്യമാക്കുന്നതിനാവശ്യമായിട്ടുള്ള കൃത്യമായ പരിപാടി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഉണ്ടാകേണ്ടതുണ്ട്. KURDFC- ൽ നിന്നും ദേശസാൽകൃത/സഹകരണ ബാങ്കുകളിൽ നിന്നും സർക്കാർ അനുമതിയോടെ വായ്പകൾ എടുക്കുന്നതിനുള്ള സൗകര്യങ്ങൾ നിലവിലുണ്ട്. വായ്പ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ.ഉ(എം.എസ്) നം 147/2009/ തസ്വഭവ - യിൽ വിശദമാക്കിയിട്ടുണ്ട്. ആയത് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.

അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിലവിലുള്ള ചട്ടങ്ങൾ പ്രകാരം അവരുടെ പ്രാദേശിക സാഹചര്യങ്ങൾക്കനുസൃതമായി നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വാതന്ത്ര്യമുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നികുതി പിരിവ് പുരോഗതിയും മറ്റും ഉറപ്പാക്കുന്നതിന് അതത് സമയങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകൾ മോണിട്ടറിംഗ് നടത്തിവരുന്നുണ്ട്. അതിന്റെ കൂടി ഫലമായി ഏറെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 100 % നികുതി/ ഫീസ് പിരിവ് സാധ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

228/2021/CRU(DP) PAN

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഷോപ്പിംഗ് കോംപ്ലക്സുകൾ, ബസ് സ്റ്റാന്റുകൾ മുതലായവ സ്ഥാപിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭ്യമാക്കൽ - നടപടി ക്രമങ്ങൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(എം.എസ്)നം:147/2009/തസ്വഭവ തിരുവനന്തപുരം, തീയതി:29/7/2009

---

## ഉത്തരവ്

ഷോപ്പിംഗ് കോംപ്ലക്സുകൾ /മാർക്കറ്റുകൾ, ബസ് സ്റ്റാന്റുകൾ മുതലായ വരുമാനദായക പ്രോജക്ടുകളിൽ ഭൂരിഭാഗവും വായ്പാ ബന്ധിത പരിപാടിയായാണ് ഗ്രാമപഞ്ചായത്തുകളും നഗരസഭകളും നടപ്പാക്കി വരുന്നത്. കേരള നഗര വികസന ധനകാര്യ കോർപ്പറേഷൻ പുനഃസംഘടിപ്പിച്ച് 2004-ൽ കേരള നഗര-ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ (കെ.യു.ആർ.ഡി.എഫ്.സി) രൂപീകരിച്ചതിനുശേഷം മുഖ്യമായും ഈ കോർപ്പറേഷനിൽ നിന്നാണ് ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ഇത്തരം പ്രോജക്ടുകൾക്ക് വായ്പ സ്വീകരിച്ചു വരുന്നത്. നിർമ്മിച്ച്, പ്രവർത്തിപ്പിച്ച്, കൈമാറുന്ന (BOT) രീതിയിലും ഇത്തരം പ്രോജക്ടുകൾ നടപ്പാക്കി വരുന്നുണ്ട്.

2. വായ്പാബന്ധിതമായി നടപ്പാക്കാനുദ്ദേശിക്കുന്ന പ്രോജക്ടുകൾക്ക് കെ.യു.ആർ.ഡി.എഫ്.സി.യിൽ നിന്നല്ലാതെ ദേശസാൽകൃത ബാങ്കുകൾ,സഹകരണ ബാങ്കുകൾ മുതലായ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ സ്വീകരിക്കുന്നതിന് ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സർക്കാർ അനുമതി ആവശ്യപ്പെട്ടിട്ടുണ്ട്. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. ദേശസാൽകൃത/സഹകരണ ബാങ്കുകളിൽ നിന്ന് വായ്പയെടുക്കുന്നതിനുള്ള സർക്കാർ അനുമതി തേടുന്നതിന് വ്യക്തമായ നടപടി ക്രമങ്ങൾ നിശ്ചയിക്കേണ്ടതുണ്ടെന്ന് സർക്കാരിന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ചുവടെ വിവരിക്കുന്ന നടപടി ക്രമങ്ങൾ നിശ്ചയിച്ച് ഉത്തരവാകുന്നു.

2.1 ഷോപ്പിംഗ് കോംപ്ലക്സുകൾ/മാർക്കറ്റുകൾ, ബസ്സ്റ്റാന്റുകൾ മുതലായ വരുമാനദായക പ്രോജക്ടുകൾ നടപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും ദേശസാൽകൃത/സഹകരണ ബാങ്കുകളിൽ നിന്ന് സർക്കാർ അനുമതിയോടെ വായ്പയെടുക്കാവുന്നതാണ്.

2.2 ഇത്തരം ആവശ്യങ്ങൾക്ക് വായ്പയെടുക്കാൻ ഉദ്ദേശിക്കുന്ന ഗ്രാമപഞ്ചായത്തുകളും നഗരസഭകളും നിർമ്മിതിയുടെ പ്ലാൻ,ഡിസൈൻ,വിശദമായ എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കിയതിനുശേഷം ഏതൊക്കെ സ്രോതസ്സുകളിൽ നിന്ന് ഫണ്ട് ലഭ്യമാക്കാൻ കഴിയുമെന്ന് പരിശോധിച്ച് വായ്പയെടുക്കാൻ ഉദ്ദേശിക്കുന്ന തുക എത്രയാണെന്ന് കണക്കാ

[illegible] ബാങ്കിന് അനുസൃതമായി നഗരകാര്യ സ്ഥാപനങ്ങളുമായി കൂടിയാലോചിച്ച് വായ്പ ലഭ്യമാക്കൽ, തിരിച്ചടവ് കാലയളവ്,പലിശനിരക്ക്, ജാമ്യമായി നൽകുന്ന ആസ്തി എന്നിവ സംബന്ധിച്ച് ധാരണയിലെത്തുകയും വേണം.

2.3 വായ്പാതുക എസ്റ്റിമേറ്റ് തുകയെക്കാൾ അധികരിക്കാൻ പാടില്ല. വായ്പാതുകയും പലിശയും തിരിച്ചടയ്ക്കുന്നതിന് പ്രോജക്ടിൽ നിന്ന് ലഭിക്കുന്ന വരുമാനം വിനിയോഗിക്കണം. ലഭിക്കുന്ന വരുമാനം മുതലും പലിശയും തിരിച്ചടയ്ക്കുന്നതിന് തികയുന്നില്ലെങ്കിൽ മാത്രമേ തനത് ഫണ്ട് വിനിയോഗിക്കാൻ പാടുള്ളു. മറ്റ് ഫണ്ടുകൾ വിനിയോഗിക്കാൻ പാടില്ല.

2.4 തുടർന്ന് വായ്പയെടുക്കുന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണസ്ഥാപനം തീരുമാനമെടുക്കണം. തീരുമാനത്തിന്റെ മിനിട്സിൽ വായ്പാതുക, വായ്പയെടുക്കുന്ന ബാങ്ക്, പലിശ നിരക്ക്, ഓരോവർഷവും തിരിച്ചടയ്ക്കുന്ന തുക, (പ്രോജക്ടിൽ നിന്ന് ലഭിക്കുന്ന വരുമാനം കൂടാതെ തനത് ഫണ്ട് കൂടി വായ്പ തിരിച്ചടയ്ക്കുന്നതിന് ഉപയോഗിക്കുന്നുണ്ടെങ്കിൽ രണ്ട് സ്രോതസുകളിൽ നിന്നും തിരിച്ചടയ്ക്കുന്ന തുക പ്രത്യേകം രേഖപ്പെടുത്തണം) വായ്പയ്ക്ക് ജാമ്യമായി നൽകുന്ന ആസ്തി/ആസ്തികൾ, വായ്പയും പലിശയും തിരിച്ചടയ്ക്കുന്നതാണെന്നുള്ള തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ ഉറപ്പ് (assurance) വ്യക്തമാക്കുന്ന തീരുമാനം, അതിൽ വീഴ്ച വരുത്തുകയാണെങ്കിൽ തദ്ദേശസ്വയംഭരണസ്ഥാപനത്തിനുള്ള ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് സർക്കാർ തലത്തിൽ കുറവ് ചെയ്ത് ബന്ധപ്പെട്ട ബാങ്കിന് നൽകാവുന്നതാണെന്നുള്ള സമ്മതപത്രം എന്നീ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്.

2.5 തുടർന്ന് വായ്പയെടുക്കുന്നതിന് കേരള ലോക്കൽ അതോറിട്ടീസ് ലോൺ ആക്ട് (1963) പ്രകാരമുള്ള സർക്കാർ അനുമതിക്കായി നിർദ്ദേശങ്ങൾ തയ്യാറാക്കി ഗ്രാമപഞ്ചായത്തുകൾ ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേനയും നഗരസഭകൾ നഗരകാര്യ ഡയറക്ടർ മുഖേനയും സർക്കാരിന് സമർപ്പിക്കണം. നിർദ്ദേശങ്ങളോടൊപ്പം ചുവടെ പ്രതിപാദിക്കുന്ന രേഖകൾ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

1. പ്ലാൻ, ഡിസൈൻ, എസ്റ്റിമേറ്റിന്റെ സംക്ഷിപ്തം എന്നിവയുടെ പകർപ്പ്
2. വായ്പയെടുക്കുന്ന തുക, വായ്പയെടുക്കുന്ന ദേശസാൽകൃത/സഹകരണബാങ്ക് (ബ്രാഞ്ചിന്റെ പേര് ഉൾപ്പെടെ),തിരിച്ചടവ് കാലയളവ്, പലിശ നിരക്ക്, പ്രതിവർഷം തിരിച്ചടയ്ക്കുന്ന വായ്പാതുകയും പലിശയും,ഖണ്ഡിക 2.4-ലെ നിബന്ധനകൾക്ക് വിധേയമായി ഏതൊക്കെ സ്രോതസിൽ നിന്നുള്ള പണം വിനിയോഗിച്ചാണ് തുക തിരിച്ചടയ്ക്കുന്നത് മുതലായ വിവരങ്ങൾ.
3. തനതു വരുമാനത്തെയും ചെലവിനെയും സംബന്ധിക്കുന്ന ഏറ്റവും അവസാന മൂന്ന് വർഷത്തെ ആഡിറ്റ് ചെയ്ത അക്കൗണ്ട്സ് സ്റ്റേറ്റ്മെന്റ്.
4. വായ്പാതിരിച്ചടവ് പൂർത്തിയാകുന്നതുവരെ പ്രതിവർഷം പ്രോജക്ടിൽ നിന്നും പ്രതീക്ഷിക്കുന്ന ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ്.
5. ഖണ്ഡിക 2.4-ൽ വിവരിച്ചിട്ടുള്ളത് പ്രകാരമുള്ള ഭരണ സമിതി തീരുമാനത്തിന്റെ ശരിപ്പകർപ്പ്
6. വായ്പയെടുക്കുന്നതിന് ജാമ്യം നൽകാൻ ഉദ്ദേശിക്കുന്ന ആസ്തി/ആസ്തികളുടെ വിവരങ്ങൾ.
7. തദ്ദേശസ്വയംഭരണ സ്ഥാപനം ആവശ്യപ്പെട്ടിട്ടുള്ളത് പ്രകാരം വായ്പ നൽകാൻ സന്നദ്ധമാണെന്നുള്ള ബന്ധപ്പെട്ട ധനകാര്യ സ്ഥാപനത്തിന്റെ സമ്മതപത്രം.

2.6 വിഭാവനം ചെയ്തിട്ടുള്ളത് പ്രകാരം പ്രോജക്ടിൽ നിന്നും വരുമാനം ലഭിക്കാനിടയില്ലാത്ത സാഹചര്യം സംജാതമാകുകയാണെങ്കിൽ ഗ്രാമപഞ്ചായത്തിന്/നഗരസഭയ്ക്ക് തനത് ഫണ്ട് വിനിയോഗിച്ച് വായ്പയും പലിശയും തിരിച്ചടയ്ക്കാൻ കഴിയുമോ എന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ/നഗരകാര്യ ഡയറക്ടർ പരിശോധിക്കേണ്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ വായ്പയെടുക്കാൻ അനുമതി നൽകേണ്ടതുണ്ടോ എന്നത് സംബന്ധിച്ച് വ്യക്തമായ ശുപാർശ ഉൾപ്പെടുത്തിയിരിക്കണം [പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ/നഗരകാര്യഡയറക്ടർ സർക്കാരിലേയ്ക്ക് അപേക്ഷ ശുപാർശ ചെയ്യേണ്ടത്.

2.7 വായ്പയെടുക്കുന്നതിന് സർക്കാർ അനുമതി ലഭിക്കുകയാണെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടി പുറപ്പെടുവിച്ചിട്ടുള്ള മോഡൽ ചട്ടങ്ങളെ അടിസ്ഥാനമാക്കി മാത്രമേ പ്രവൃത്തി നടപ്പാക്കാൻ പാടുള്ളൂ.

2.8 ഇത്തരം പ്രോജക്ടുകൾക്ക് കെ.യു.ആർ.ഡി.എഫ്.സിയിൽ നിന്നും വായ്പയെടുക്കുന്നതിനും ഈ നടപടിക്രമങ്ങൾ ബാധകമായിരിക്കും.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
എസ്.എം.വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

1. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
5. സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യവകുപ്പ്, തിരുവനന്തപുരം
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണബോർഡ്, തിരുവനന്തപുരം
7. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
8. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
9. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
10. മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം
11. ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശ്ശൂർ
12. ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
13. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ, തിരുവനന്തപുരം
14. എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം :വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി.

15. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
16. എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി(ജില്ലാകളക്ടർമാർ)മാർക്കും
17. എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
18. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
19. എല്ലാപഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
20. എല്ലാ അസിസ്റ്റന്റ് ഡവലപ് മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
21. എല്ലാകുടുംബശ്രീ മിഷൻ ജില്ലാ കോ-ഓർഡിനേറ്റർമാർക്കും
22. എല്ലാ ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസർമാർക്കും
23. എല്ലാ നഗരകാര്യ മേഖല ജോയിന്റ് ഡയറക്ടർമാർക്കും
24. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
25. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
26. ജനറൽ സെക്രട്ടറി, കേരളഗ്രാമപഞ്ചായത്ത് അസോസിയേഷൻ
27. സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
28. സെക്രട്ടറി, മുനിസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
29. സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
30. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ)കേരള,തിരുവനന്തപുരം
31. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ,തിരുവനന്തപുരം
32. സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം ( ബന്ധപ്പെട്ട എല്ലാവർക്കും പകർപ്പ് ലഭ്യമാക്കുന്നതിനായി)

33. കരുതൽഫയൽ
34. ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

സെക്ഷൻ ഓഫീസർ